II ഇ.ബി. XII- കേരള നിയമസഭ/XVI-1

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2010 ഡിസംബർ 21, ചൊവ്വ

പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം 2010 ഡിസംബർ 21-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പരിനെ സൂചിപ്പിക്കുന്നു)

1 (*1) **നികുതി വെട്ടിപ്പ് തടയുന്നതിന് നടപടി**

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) നൽകിയ മറുപടിയിൽ, നികുതി വെട്ടിപ്പ് തടയുന്നതിന്റെ ഭാഗമായി ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെക്കുപോസ്റ്റുകളിൽ വെയിംഗ് മെഷീൻ ഉൾപ്പെടെയുള്ള സംവിധാനം ഏർപ്പെടുത്തുകയും നികുതി വെട്ടിപ്പുകൾ നടത്തുന്നതായി പ്രഥമദൃഷ്ട്യാ ശ്രദ്ധയിൽപ്പെട്ട കേസുകളിൽ കടപരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവെന്ന് സഭയെ അറിയിച്ചു. ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചതിലൂടെ നികുതി വെട്ടിപ്പ് വലിയൊരു പരിധി വരെ തടയുവാനും സ്വമേധയാ വ്യാപാരത്തിന് അനുസരണമായി നികുതി നൽകാനും പ്രേരണയുണ്ടായി. ഇതിന് പുറമെ റെയിൽ,

ലക്ഷ്വറി ബസ് എന്നിവയിലൂടെ ധാരാളം നികുതി വെട്ടിപ്പ് നടത്തി കടത്തുന്ന തായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇവ നിരന്തരം പരിശോധനയ്ക്ക് വിധേ യമാക്കുന്നത് കൂടാതെ അന്യസംസ്ഥാനങ്ങളിലും ഇൻവെസ്റ്റിഗേഷൻ നടത്തു ന്നുണ്ട്. നടപ്പുവർഷത്തെ നികുതി വരുമാന ലക്ഷ്യമായ 15125.69 കോടി രൂപയിൽ 30.11.2010 വരെ 9712.61 കോടി രൂപ പിരിച്ചെടുത്തു. നികുതി പിരി വിൽ മുൻ വർഷത്തേതിനേക്കാൾ 23 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. നികുതിയേതര വരുമാനമായി 2008-09, 2009-2010 വർഷങ്ങളിൽ യഥാക്രമം 1559.29 കോടി രൂപയും 1852.22 കോടി രൂപയും ലഭിച്ചു. ഈ വർഷം 2314.31 കോടി രൂപ പ്രതീക്ഷിക്കുന്നു. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകു കയും നികുതി പിരിവ് കുറവനുഭവപ്പെടുന്ന ഓഫീസുകളിൽ നേരിട്ട് പരിശോ ധന നടത്തി നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. വാണിജ്യ നികുതി ആഫീസർമാരുടെ ജില്ലാതല സമ്മേളനങ്ങൾ വിളിച്ചുകൂട്ടി നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിനും വിഭവ സമാഹരണം മെച്ചപ്പെടുത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നിൽകിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുകയും അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക മുൻഗണന നൽകുകയും ചെയ്തു. ചെക്കുപോസ്റ്റുകളിൽ ഹൈ മാസ്റ്റ് വിളക്കുകൾ, വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനുള്ള ജനറേറ്ററുകൾ, പരിശോധനക്കുള്ള പ്ലാറ്റ് ഫോമുകൾ, വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ, വെയ്ബ്രിഡ്ജുകൾ എന്നിവ സ്ഥാപിച്ചു. സംസ്ഥാനത്തെ പ്രധാന ചെക്ക് പോസ്റ്റുകളായ വാളയാർ, മഞ്ചേശ്വരം, അമരവിള എന്നിവ അഴിമതിരഹിത ചെക്ക് പോസ്റ്റുകളാക്കി മാറ്റുകയും അവിടങ്ങളിൽ പ്രത്യേകം

തെരഞ്ഞെടുക്കപ്പെട്ട പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെ മാത്രം നിയമിക്കുകയും ചെയ്തു. ചെക്കുപോസ്റ്റുകളിൽ അഴിമതി നടക്കുന്നതായുള്ള തെളിവുകൾ ഹാജരാക്കുന്നവർക്ക് 25,000 രൂപ വരെ പാരിതോഷികം കൊടുക്കുന്നതാണ്. വാളയാർ, നടുപ്പുണി, ഗോപാലപുരം എന്നീ ചെക്ക് പോസ്റ്റുകളിൽ ചെക്ക് പോസ്റ്റ് ട്രഷറികൾ സ്ഥാപിച്ചു. പാലക്കാട് ജില്ലയിലെ താൽക്കാലിക ചെക്ക് പോസ്റ്റുകൾക്കെല്ലാം കണ്ടെയ്നർ ഓഫീസ് മൊഡ്യൂളുകൾ സ്ഥാപിച്ചു. അമരവിളയിൽ വെരിഫിക്കേഷൻ കൗണ്ടർ സ്ഥാപിക്കുകയും പ്രധാന ചെക്ക്പോസ്റ്റുകളിലെല്ലാം ഓൺലൈൺ ഡേറ്റാ എൻട്രി സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. കേരളാ അതിർത്തി ചെക്ക് പോസ്റ്റുകൾ വഴി കടന്നുപോകുന്ന ചരക്കു വാഹനങ്ങൾക്ക് ഇ-ഡിക്ലറേഷൻ മുൻകൂറായി ഫയൽ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി. ചെക്ക് പോസ്റ്റുകളിലെ വാഹന നീക്കം നിരീക്ഷിക്കുന്നതിനും ചെക്ക് പോസ്റ്റുകളിലേയും പരിസര പ്രദേശങ്ങളിലേയും പ്രവർത്തനങ്ങൾ വാണിജ്യനികുതി വകുപ്പ് കമ്മീഷണറുടെ നിരീക്ഷണത്തിൽ കൊണ്ടുവരുന്നതിനുമായി ക്യാമറകൾ സ്ഥാപിച്ച് തത്സമയ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിക്കുകയും അമരവിളയിൽ ഇത് പൈലറ്റ് സ്കീമായി നടപ്പിലാക്കുകയും ചെയ്തു. മറ്റ് ചെക്കുപോസ്റ്റുകളിലേയ്ക്കും ഈ നിരീക്ഷണ സംവിധാനം വ്യാപിപ്പിക്കുന്നതാണ്. അമരവിള ചെക്കുപോസ്റ്റിൽ വിജിലൻസ് പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ അവിടെ ഒരു തരത്തിലുള്ള ക്രമക്കേടും ഉണ്ടായിട്ടില്ലെന്ന് റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ഇ-ഫയലിംഗ്, ഇ-ഡിക്ലറേഷൻ ഹെൽപ്പ് ഡസ്കുകൾ, ഇ-പേയ്മെന്റ് സംവിധാനങ്ങൾ എന്നിവ ഏതാണ്ട് പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ട്. സ്റ്റാറ്റ്യൂട്ടറി ഫോറങ്ങൾ ഡൗൺലോഡ് ചെയ്യാനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. വാളയാർ ചെക്ക്പോസ്റ്റിന്റെ നവീകര

ണത്തിനു വേണ്ടിയുള്ള സ്ഥലമേറ്റെടുക്കുവാനുള്ള നടപടികൾ പുരോഗമിക്കുകയും മഞ്ചേശ്വരത്തെ സ്ഥലമെടുപ്പ് നടപടി പൂർത്തിയാവുകയും ചെയ്തു. നികുതി പിരിവുമായി ബന്ധപ്പെട്ട് കോടതി, സർക്കാർ, വിവിധ അപ്പീലധികാരികൾ എന്നിവർ നൽകിയിട്ടുള്ള സ്റ്റേ ഉത്തരവുകൾ നീക്കി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കളക്ടർ ഇറിക്കവറബിളായി ഡിക്ലയർ ചെയ്ത കേസുകളും ഹൈക്കോടതിയുടെ സ്റ്റേയുള്ള കേസുകളും ഒഴിവാക്കിയാൽ 550 കോടി രൂപയുടെ നികുതി കുടിശ്ശിക മാത്രമേ ഉണ്ടാവുകയുള്ളു. കുടിശ്ശിക വസൂലാക്കുന്നതിന് 2008-09 -ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആംനെസ്റ്റി സ്കീം 2009-2010- ലെ ബഡ്ജറ്റിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമാക്കി. രജിസ്റ്റേർഡ് ഡീലേഴ്സ് ഇ-ഫയലിംഗ് മുഖേന സമർപ്പിക്കുന്ന റിട്ടേണിൽ നിന്നുള്ള വിവരങ്ങൾ ക്രോഡീകരിച്ച് ശാസ്ത്രീയമായി വിശകലനം ചെയ്ത് നികുതി കുറച്ചു നൽകുന്ന കച്ചവടക്കാരുടെ കണക്കുകൾ ഒത്തുനോക്കുന്നതിനും ഇന്റലിജൻസ് വിഭാഗത്തെക്കൊണ്ട് അവരുടെ സ്റ്റോക്ക് പരിശോധന നടത്തുന്നതിലേയ്ക്കുംവേണ്ടി ഒരു അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ പുതിയതായി ഒരു ''ഡേറ്റാ മൈനിംഗ്'' ടീം രൂപീകരിച്ചിട്ടുണ്ട്. ഇതുവരെ ആംനെസ്റ്റി സ്കീമിലൂടെ 600-700 കോടിയോളം രൂപ സെറ്റിലായിട്ടുണ്ട്. കമ്പ്യൂട്ടറൈസേഷൻ പൂർത്തീകരിച്ചാൽ മാത്രമേ നമുക്ക് ജി.എസ്.ടി സമ്പ്രദായത്തിലേയ്ക്ക് പോകാൻ സാധിക്കുകയുള്ളു. നികുതി പിരിവിന്റെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. ഓരോ മേഖലയിലും ഏറ്റവും കൂടുതൽ നികുതി അടച്ചിട്ടുള്ള, ക്രമക്കേടുകൾ നടത്താത്ത നികുതിദായകരെ ആദരിക്കുന്ന ഒരു പരിപാടി ആരംഭിച്ചിട്ടുണ്ട്.

ചെക്കുപോസ്റ്റുകൾ വഴി അനധികൃതമായി ലോട്ടറി ടിക്കറ്റുകൾ കൊണ്ടുവരുമ്പോൾ രജിസ്ട്രേഷനുണ്ടോ, മുൻകൂർ നികുതി അടച്ചിട്ടുണ്ടോ എന്നീ കാര്യങ്ങൾ പരിശോധിക്കണമെന്ന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. മഞ്ചേശ്വരത്ത് ഇന്റഗ്രേറ്റഡ് ചെക്കുപോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പെട്രോളിന്റെ വില വർദ്ധനവിലൂടെ സംസ്ഥാനത്തിന് നികുതി വരുമാനം കൂടിയിട്ടില്ലെന്നും ഡാമുകളിൽ നിന്ന് മണൽ ശേഖരിച്ച് വിൽപ്പന നടത്തുന്നതിൽ പ്രതീക്ഷിച്ചതുപോലെ വിജയിക്കാൻ കഴിഞ്ഞിട്ടില്ലെന്നും 300 കോടി രൂപയാണ് ഇതിൽ നിന്നുള്ള വരുമാനമായി പ്രതീക്ഷിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

2 (*2) <u>പി.എസ്.സി.യിൽ നടത്തിയ പരിഷ്ക്കാരങ്ങൾ</u>

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പി.എസ്.സി.യിൽ നടത്തിയ പരിഷ്ക്കാരങ്ങളുടെ ഭാഗമായി പി.എസ്.സി ബുള്ളറ്റിനിന്റെ എല്ലാ ലക്കങ്ങളിലും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നുണ്ടെന്നും .എല്ലാ അപേക്ഷകളും ഉദ്യോഗാർത്ഥികൾക്ക് ഓൺലൈനായി അയയ്ക്കാനും അഡ്മിഷൻ ടിക്കറ്റ് സ്വയം ഡൗൺലോഡ് ചെയ്തെടുക്കുവാനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. അഡ്മിഷൻ ടിക്കറ്റിൽ ഒട്ടിക്കുന്ന ഫോട്ടോ സംബന്ധിച്ച നിർദ്ദേശങ്ങൾ പരിഷ്ക്കരിച്ചു. പി.എസ്.സി.യിലെ ഉദ്യോഗസ്ഥരെ കഴിയുന്നത്ര പരീക്ഷാ കേന്ദ്രങ്ങളിൽ അഡീഷണൽ സൂപ്രണ്ടുമാരായി നിയമിച്ച് പരീക്ഷാ നടത്തിപ്പിൽ നേരിട്ടുള്ള മേൽനോട്ടം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചു. കമ്പ്യൂട്ടറൈസേഷന്റെ മൂന്നാം ഘട്ട നടപടികൾ പുരോഗമിച്ചു

കൊണ്ടിരിക്കുന്നു. പരീക്ഷ കഴിഞ്ഞാലുടൻ ഉത്തര സൂചികകൾ പ്രസിദ്ധീകരിക്കുന്നു. ഉദ്യോഗാർത്ഥികളുടേയും വിദഗ്ദ്ധരുടേയും ആക്ഷേപാഭിപ്രായങ്ങൾ സ്വീകരിച്ച് പരിശോധന നടത്തിയ ശേഷം അന്തിമ ഉത്തര സൂചിക പ്രസിദ്ധീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്തുകയും ചെയ്യുന്നു. പരീക്ഷ നടക്കുന്ന ക്യാമ്പസ്സുകളിൽ ഇലക്ട്രോണിക് ഗാഡ്ജറ്റ്സ് കർശനമായി നിരോധിച്ചു. ഫോട്ടോ പതിച്ച് ഒപ്പിട്ട തിരിച്ചറിയൽ പത്രികയും അതിന്റെ പകർപ്പും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളെ മാത്രമേ പരീക്ഷ, ഇന്റർവ്യൂ, പ്രായോഗിക പരീക്ഷ, കായികക്ഷമതാ പരീക്ഷ, അസ്സൽ പ്രമാണ പരിശോധന എന്നിവയ്ക്ക് പ്രവേശിപ്പിക്കുകയുള്ളൂ. നിയമനാധികാരികൾക്ക് നിയമന ശുപാർശ ലിസ്റ്റ് നൽകുമ്പോൾ പി.എസ്.സി. യുടെ ലോഗോ പതിച്ചിരിക്കും. ലിസ്റ്റിൽ എത്ര ഉദ്യോഗാർത്ഥികൾ ഉണ്ടെന്ന വിവരം അക്കത്തിലും അക്ഷരത്തിലും ചുവപ്പ് മഷി കൊണ്ട് രേഖപ്പെടുത്തുന്നതാണ്. ലിസ്റ്റിന്റെ ആമുഖ പേജിൽ പരമാവധി രണ്ട് ഉദ്യോഗാർത്ഥികളുടേയും തുടർന്നുള്ള പേജുകളിൽ പരമാവധി ആറ് ഉദ്യോഗാർത്ഥികളുടേയും പേര്, അഡ്രസ്സ് തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിച്ചിരിക്കും. വാട്ടർമാർക്ക് പോലെ സെക്യൂരിറ്റി മെഷേഴ്സ് കൂടി ഉൾക്കൊള്ളിച്ച് പ്രീ-പ്രിന്റഡ് അഡ്വൈസ് ലെറ്റർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 31.12..2010 മുതൽ പുറപ്പെടുവിക്കുന്ന എല്ലാ വിജ്ഞാപനങ്ങൾക്കും അപേക്ഷ സമർപ്പിക്കുമ്പോൾ ഉദ്യോഗാർത്ഥികൾ ഫോട്ടോ കൂടി അപ്‌ലോഡ് ചെയ്യുന്ന സംവിധാനം ഏർപ്പെടുത്തി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ, ഇന്റർവ്യൂ എന്നിവയ്ക്ക് ലഭിച്ച മാർക്ക് കൂടി പ്രസിദ്ധീകരിക്കുന്നുണ്ടെന്നും നിയമന പ്രക്രിയയിലെ കാലതാമസം ഗണ്യമായി

കുറയ്ക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും കഴിഞ്ഞ പത്തു വർഷത്തിനകം സംസ്ഥാനത്ത് നടത്തിയ എല്ലാ നിയമനങ്ങളെ സംബന്ധിച്ചും സമഗ്രമായ വെരിഫിക്കേഷൻ നടത്താൻ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിൻ കീഴിൽ ഒരു സ്പെഷ്യൽ സെല്ലിനെ ചുമതലപ്പെടുത്തുവാൻ ഉത്തരവായിട്ടുണ്ടെന്നും ഭാവിയിൽ ഉണ്ടാകുന്ന എല്ലാ പി.എസ്.സി നിയമനങ്ങളിലും പോലീസ് വെരിഫിക്കേഷനു പുറമേ പി.എസ്.സി.യുടെ വെരിഫിക്കേഷൻ റിപ്പോർട്ടുംകൂടി വാങ്ങിയതിനു ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. എല്ലാ ഉദ്യോഗ നിയമനത്തിനും പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് വേണമെന്ന നിബന്ധന നിലനിൽക്കുന്നുണ്ടെന്നും വയനാട്ടിലെ നിയമനവുമായി ബന്ധപ്പെട്ട് ഹാജരാക്കിയ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് വ്യാജമാണെന്നും ഇതുസംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണെന്നും അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് എല്ലാ കാര്യങ്ങളും വ്യക്തമാക്കാമെന്നും ഒരു ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി അറിയിച്ചു.

### 3 (*3) <u>ഉപഭോക്തൃ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് നടപടി</u>

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, ഉപഭോക്തൃ സംരക്ഷണ നടപടികൾ കാര്യക്ഷമമാക്കുന്നതിനായി സർക്കാർ തലത്തിൽ ഒരു ഉപഭോക്തൃ കാര്യ വകുപ്പ് 2007 ജൂലായിൽ രൂപീകരിച്ചിട്ടുണ്ടെന്നും ഉപഭോക്തൃ സംരക്ഷണത്തിനായി സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും 14

ജില്ലകളിലും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. റവന്യൂ വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന അളവുതൂക്ക വകുപ്പിനെ ഉപഭോക്തൃകാര്യ വകുപ്പിന് കീഴിൽ കൊണ്ടുവന്നു. സിവിൽ സ്പ്ലൈസ് കമ്മീഷണറേറ്റിൽ ഒരു ഉപഭോക്തൃ കാര്യസെൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഉപഭോക്താക്കളുടെ പൊതുവായ പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹാര നിർദ്ദേശങ്ങൾക്കായി സംസ്ഥാന തലത്തിൽ ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി ചെയർമാനായി സംസ്ഥാന കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിൽ രൂപീകരിച്ചു. എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിച്ചിട്ടുള്ള ജില്ലാ കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിലുകൾ പുന:സംഘടിപ്പിക്കാൻ നടപടികൾ സ്വീകരിച്ചു. ഉപഭോക്താക്കൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ഉപഭോക്താക്കളുടെ പരാതികൾക്ക് തർക്ക പരിഹാര ഫോറങ്ങൾക്ക് പുറത്ത് പരിഹാരം കാണുന്നതിനുമായി 1800 425 1550 എന്ന ടോൾ ഫ്രീ ടോലിഫോൺ നമ്പരിൽ ഒരു കൺസ്യൂമർ ഹെൽപ്പ്ലൈൻ പ്രവർത്തിച്ചു വരുന്നു. ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണത്തിനായി ഉപഭോക്തൃ ദിനങ്ങൾ ആചരിക്കുക, സെമിനാറുകൾ, ചർച്ചാ ക്ലാസ്സുകൾ തുടങ്ങിയവ സംഘടിപ്പിക്കുക, ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഉപഭോക്താക്കളുടെ അവകാശങ്ങൾ വ്യക്തമാക്കുന്ന പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനും ഹ്രസ്വചിത്രങ്ങൾ നിർമ്മിച്ച് വിവിധ ചാനലുകളിൽ പ്രദർശിപ്പിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഉപഭോക്തൃ സംരക്ഷണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ലീഗൽ മെട്രോളജി വകുപ്പ് വ്യാപാര, വ്യവസായ,

വാണിജ്യ, സർവ്വീസ് മേഖലകളിൽ ഉപയോഗിക്കുന്ന അളവ്തൂക്ക ഉപകരണ ങ്ങളുടെ കൃത്യത ഉറപ്പു വരുത്തുകയും അളവുതൂക്ക നിയമങ്ങളുടെ ലംഘ നവും പായ്ക്കറ്റുകളിൽ വിൽക്കുന്ന സാധനങ്ങളുടെ വിൽപ്പന സംബന്ധിച്ച നിയമങ്ങളുടെ ലംഘനവും കണ്ടെത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരി ച്ചുവരുന്നു. അളവുതൂക്ക കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് ഒരു മാസം ശരാശരി 295 കേസ്സുകൾ കണ്ടെത്തുന്നുണ്ട്. ലീഗൽ മെട്രോളജി വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ഇലക്ട്രോണിക് വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ, ആധുനിക ഇലക്ട്രോണിക് മെഷീനുകൾ എന്നിവ വാങ്ങി ഉപയോഗിച്ച് വരുന്നു. പുതുതായി ഓഫീസ് കെട്ടിടങ്ങളും ലബോറട്ടറികളും പണികഴിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു. ഇതിൽ തൃശ്ശൂർ ജില്ലയിലെ ഓഫീസ് പുതിയ മന്ദിരത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടു ണ്ട്. ഉപഭോക്തൃ സംരക്ഷണ രംഗത്ത് പ്രവർത്തിച്ച് വരുന്ന സന്നദ്ധ ഉപ ഭോക്തൃ സംഘടനകൾക്ക് ധനസഹായം നൽകുക, ഉപഭോക്തൃ അവബോ ധന പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സംസ്ഥാന ഉപഭോക്തൃ ക്ഷേമനിധി രൂപീകരിച്ച് പ്രവർത്തിച്ചുവ രുന്നുണ്ടെന്നും ജില്ലാതലത്തിൽ ഉപഭോക്താക്കളെ പങ്കെടുപ്പിച്ചുകൊണ്ട് അദാലത്തുകൾ സംഘടിപ്പിച്ച് പരിഹാരം കാണാറുണ്ടെന്നും. ഉപഭോക്തൃ സംരക്ഷണ നിയമങ്ങളെക്കുറിച്ച് ബോധവത്ക്കരണം നടത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് തെരഞ്ഞെടുത്ത 100 സ്കൂളുകളിൽ കൺസ്യൂമർ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ടെന്നും കൺസ്യൂമർ ഫോറങ്ങ ളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സംസഥാന കമ്മീഷനിലും ജില്ലാ ഫോറങ്ങളിലുമുണ്ടായിരുന്ന പ്രസിഡന്റുമാരുടെയും മെമ്പർമാരുടെയും

ഒഴിവുകൾ നികത്തുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. എല്ലാ ഭക്ഷ്യവസ്തുക്കളുടെ ഡിപ്പോകളും പരിശോധിച്ച് സർട്ടിഫൈ ചെയ്യണമെന്ന് ഹെൽത്ത് ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും സ്വന്തമായി കെട്ടിടങ്ങളില്ലാത്ത ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങൾക്കായുള്ള കെട്ടിട നിർമ്മാണം വിവിധ ജില്ലകളിൽ പൂർത്തിയായി വരുന്നുണ്ടെന്നും ഉപഭോക്താക്കളെ സഹായിക്കാനായി ഫ്രീ ലീഗൽ എയ്ഡ് സംവിധാനങ്ങൾ നിലവിലുണ്ടെന്നും സ്വർണ്ണാഭരണങ്ങളിലെ മായം പരിശോധിക്കാൻ കാക്കനാട്ടുള്ള ലബോറട്ടറിക്ക് പുറമേ ഒരു ലബോറട്ടറികൂടി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി സഭയെ മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1 മുതൽ 270 വരെയുള്ള ചോദ്യങ്ങളിൽ 135 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)